## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (FW) നടപടിക്രമങ്ങൾ

വിഷയം : ആ.വ.ഡ – ശ്രീമതി. ഗീത. റ്റി, പബ്ലിക് ഹെൽത്ത് നഴ്സിന്റെ സീനിയോറിറ്റി പട്ടികയിലെ നിലവിലുള്ള സ്ഥാനം റദ്ദ് ചെയ്തും, റാങ്ക് പുനഃക്രമീകരിച്ചും കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്

സൂചന : 1. ഈ ആഫീസിലെ നോട്ടീസ് നമ്പർ. ഇ. എസ് 5-68192/18/ആ.വഡ, തീയതി. 14.01.2019.
2. ഗവ. ഉത്തരവ് (പി) നമ്പർ). 291/98/ആ.കു.വ, തീയതി. 08.10.1998
3. ഉത്തരവ് നമ്പർ. ഇ. എസ് 5-76811/2012/ആ.വ.ഡ, തീയതി. 30.05.2014

### ഉത്തരവ് നം. ഇ.എസ് 5/68192/18/ആ.വ.ഡ/തീയതി : 29/09/2019

കൊല്ലം ജില്ലയിൽ ഇരവിപുരം സി. എച്ച്. സിയിൽ PHN ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. ഗീത. റ്റി 2012 ജൂലൈയിൽ എഫ്. എച്ച്. എസ് ട്രെയിനിംഗ് പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ FWA5-56340/12/DHS, Dated: 08.10.2012 ഉത്തരവ് പ്രകാരം പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചു.

ഗവ. ഉത്തരവ് (പി) നമ്പർ. 291/98/ആ.കു.വ, തീയതി. 08.10.1998 പ്രകാരമുള്ള സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്നതനുസരിച്ച് JPHN Gr. I തസ്തികയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ ഹെൽത്ത് സൂപ്പർവൈസേഴ്സ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നതിന്റെ അടിസ്ഥാനത്തിൽ PHN തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നവരെയാണ് PHN സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത്. അല്ലാതെ JPHN Gr. I സീനിയോറിറ്റി പട്ടികയിലെ റാങ്കിന് ആനുപാതികമായിട്ടല്ല. എന്നാൽ ഉത്തരവ് നമ്പർ ഇ. എസ് 5-76811/2012/ആ.വ.ഡ, തീയതി. 30.05.2014 പ്രകാരം പ്രസിദ്ധീകരിച്ച 01.01.2005 മുതൽ 08.10.2012 വരെയുള്ള കാലയളവിലെ പി. എച്ച്. എൻമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ഗീത. റ്റിക്ക് JPHN Gr. I സീനിയോറിറ്റി പട്ടികിയിലെ റാങ്ക് നമ്പർ 2560(A) ന്റെ അടിസ്ഥാനത്തിൽ സ്ഥാനം നൽകിയതുകൊണ്ടാണ് പ്രസ്തുത പി. എച്ച്. എൻ സീനിയോറിറ്റി പട്ടികയിൽ 30.11.2010 ൽ PHN Promotion ലഭിച്ച റാങ്ക് നമ്പർ 772 നും 774 നും ഇടയിൽ 08.10.2012 ൽ PHN സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. ഗീത. റ്റിക്ക് റാങ്ക് നമ്പർ 773 ലഭിച്ചത്. ഈ സംഭവിച്ച പിശക് നിമിത്തം ശ്രീമതി. ഗീത. റ്റിക്ക് മുമ്പേ എഫ്. എച്ച്. എസ് ട്രെയിനിംഗ് പൂർത്തീകരിക്കുകയും പി. എച്ച്. എൻ സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്ത റാങ്ക് നമ്പർ 774 മുതൽ 1015 വരെയുള്ള ജീവനക്കാർ പ്രസ്തുത സീനിയോറ്റിറ്റി പട്ടികയിൽ 773 -)ം റാങ്ക്കാരിയായ ശ്രീമതി. ഗീത. റ്റിയുടെ ജൂനിയേഴ്സ് ആയി മാറി. പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ സ്ഥാനം നൽകുന്നതുമായി ബന്ധപ്പെട്ട് മറ്റു ചില ജീവനക്കാരുടെ വിഷയത്തിൽ ലഭ്യമായ ചില ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്തിയപ്പോഴാണ് മേൽ സൂചിപ്പിച്ച പിശക് കണ്ടെത്തിയത്. തുടർന്ന് സൂചന 1 പ്രകാരം ശ്രീമതി. ഗീത. റ്റിക്ക് നോട്ടീസ് നൽകുകയും 28.02.2019 ൽ

ടിയാളെ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (FW)ന്റെ ചേമ്പറിൽ വച്ച് ഹിയറിംഗ് നടത്തുകയും ചെയ്തു. ടി അവസരത്തിൽ ഇതു സംബന്ധിച്ച രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ, മേൽ സൂചിപ്പിച്ച പിഴവ് ബോധ്യപ്പെട്ട സാഹചര്യത്തിൽ ശ്രീമതി. ഗീത. റ്റിക്ക് പി. എച്ച്. എൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് തീയതി 08.10.2012 ന്റെ അടിസ്ഥാനത്തിൽ PHN മാരുടെ 01.01.2005 മുതൽ 08.10.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ഗീത. റ്റിക്ക് നിലവിൽ നൽകിയിട്ടുള്ള റാങ്ക് നമ്പർ 773 –ാം സ്ഥാനം റദ്ദാക്കിയും പകരം പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ 1015(A) സ്ഥാനം നൽകി പുനഃനിർണ്ണയിച്ച് സ്ഥിരപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| Sl.No | Name | Date of Birth | Qualification | Date of order | Present rank No. in PHN seniority list for the period from 01.01.2005 to 08.10.2012 | New rank no. in PHN seniority list for the period from 01.01.2005 to 08.10.2012 | Remarks |
|---|---|---|---|---|---|---|---|
| 1 | GEETHA. T | 21.04.1967 | SSLC ANM | FWA5-56340/12/DHS, Dated: 08.10.2012 | 773 | 1015(A) | |

ഒപ്പ്/-
ഡോ. വി. ആർ. രാജു
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(FW)i/c

സ്വീകർത്താവ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
(ആരോഗ്യ വകുപ്പ് വെബ് സൈറ്റ്മുഖേന)

പകർപ്പ്

1. മെഡിക്കൽ ഓഫീസർ
സി. എച്ച്. സി, ഇരവിപുരം, കൊല്ലം
2. ശ്രീമതി. ഗീത. റ്റി
സി. എച്ച്. സി, ഇരവിപുരം, കൊല്ലം. (ഉചിതമാർഗ്ഗേന)
3. FW സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്